# രോഗം: ആശയവും അനുഭവവും



മായ എസ്.

മരുന്നു കണ്ടുപിടിച്ചിട്ടില്ലാത്ത ഒരു രോഗം പടരുന്ന സാഹചര്യത്തിൽ, രോഗത്തെക്കാളധികം ഭീതിയും ആകാംക്ഷയും നിരാശയും മറ്റു സാമൂഹിക പ്രശ്നങ്ങളും മനുഷ്യജീവിതത്തിൽ പടരുമ്പോൾ, മനുഷ്യർ ഇതെക്കുറിച്ചു വൈകാരികമായി മാത്രം ഏറ്റെടുക്കാതെ, ഒരു ചിന്താപ്രവർത്തനം നടത്തുന്നതും അനിവാര്യമാണ്.

സ്ഥാപനവൽക്കരിക്കപ്പെട്ട ആധുനികവൈദ്യശാസ്ത്രവ്യവസ്ഥിതിയും മാധ്യമവ്യവസ്ഥിതിയും രാഷ്ട്രീയവ്യവസ്ഥിതിയും കോവിഡ് രോഗത്തെ മനുഷ്യമനസ്സിൽ കുടിയിരുത്തിക്കഴിഞ്ഞു. മനുഷ്യർ മരിച്ചു വീഴുന്നത് യാഥാർഥ്യമാണെന്നു കാണുന്നെങ്കിലും മരണത്തെ ഭയന്ന് അനുവർത്തിച്ചുവരുന്ന ഭീതിദമായ ശാരീരിക/സാമൂഹിക അകലവും അതു നിർമിക്കുന്ന മാനസികസമ്മർദവുമെല്ലാം ചൂഷണം ചെയ്യുന്നത് അധികാരത്തിന്റെ വിവിധങ്ങളായ രൂപങ്ങളാണ്.

രോഗത്തെ പ്രതിരോധിക്കുന്നതിൽ മാത്രമല്ല, നിർമിക്കുകയോ നിലനിർത്തുകയോ ചെയ്യുന്നതിലും മതം, ജാതി, ലിംഗപദവി, വർഗം, രാഷ്ട്രീയം തുടങ്ങിയ സാമൂഹിക സംഘാടനത്തിന്റെ ആധിപത്യഘടനകൾ (hegemonies) പ്രധാന പങ്കു വഹിക്കുന്നു. രോഗത്തെക്കുറിച്ച് സമൂഹത്തിൽ നടക്കുന്ന വർത്തമാനങ്ങൾ/വ്യവഹാരങ്ങൾ (discourses) എന്തെന്നും ഇവയെത്രത്തോളം അധീശവ്യവഹാരങ്ങളുടെ അകമ്പടി സേവിക്കുന്നു എന്നും, നിത്യജീവിതത്തിലുള്ള പല വ്യവഹാരങ്ങളും രോഗത്തെ എങ്ങനെ നിർമിക്കുന്നുവെന്നും വിശകലനം ചെയ്യേണ്ടതാണ്.

മനുഷ്യർക്കു രോഗത്തെപ്പറ്റിയുള്ള ചിന്ത/അനുഭവം/തിരിച്ചറിവ് ഉണ്ടായതെങ്ങനെ, രോഗത്തോടുള്ള കാഴ്ചപ്പാടുകൾ ചരിത്രപരമായി എങ്ങനെയൊക്കെ വികസിച്ചു എന്നിങ്ങനെയുള്ള ചോദ്യങ്ങളും പ്രധാനമാണ്. പരിചയമില്ലാത്ത ഒരു പുതിയ രോഗത്തെ അഥവാ വൈറസിനെ ഒരു ആശയമായി മനുഷ്യമനസ്സിലേക്കു നിർമിച്ചെടുക്കുന്ന ഭാഷാവ്യവഹാരങ്ങൾ തിരിച്ചറിയുമ്പോൾ മനുഷ്യന് അത്തരം ചിന്ത സാധ്യമാകും.

രോഗം എന്നത് ഒരു ആശയമാണെന്നും അതുണ്ടാകുന്നത് സാമൂഹികവ്യവഹാരങ്ങളിലൂടെയാണെന്നും താത്വിക വിശകലനങ്ങളിൽ കാണാൻ കഴിയും. ഇത്തരം വിശകലനത്തിലൂടെ മനുഷ്യമനസ്സുകളിൽനിന്നു രോഗഭീതിയും രോഗബാധയ്ക്കുള്ള സാധ്യതയും കുറയ്ക്കുന്നതിനുള്ള ശ്രമം സാധ്യമായേക്കുമെന്നു കരുതുക തത്വശാസ്ത്ര/സാമൂഹികശാസ്ത്ര വിഭാഗത്തിലുള്ളവർക്ക് ഒഴിച്ചുകൂടാനാകാത്തതാണ്.

രോഗത്തിന്റെ അസ്തിത്വമോ യാഥാർഥ്യമോ അന്വേഷിച്ചു പോകുക അ

**രോഗം എന്ന ആശയത്തെക്കുറിച്ചും അതു മനുഷ്യാനുഭവങ്ങളിലേക്ക് അരക്കിട്ടുറപ്പിക്കുന്ന സാമൂഹിക വ്യവഹാരങ്ങളിലേക്കും ഒരു അന്വേഷണം.**



മിഷേൽ ഫൂക്കോ

ല്ലെങ്കിൽ അതിന്റെ ചരിത്രം അന്വേഷിച്ചു പോകുക എന്നിങ്ങനെയുള്ള കാര്യങ്ങൾ രോഗം എന്ന വാക്കിനാൽ കുറിക്കുന്ന ശാരീരിക/മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്നവർക്ക് അസാധ്യമാണ്. എങ്കിലും മരുന്ന് കണ്ടുപിടിച്ചിട്ടില്ലാത്ത ഒരു രോഗം പടരുന്ന സാഹചര്യത്തിൽ, രോഗത്തെക്കാളധികം ഭീതിയും ആകാംക്ഷയും നിരാശയും മറ്റു സാമൂഹികപ്രശ്നങ്ങളും മനുഷ്യജീവിതത്തിൽ പടരുമ്പോൾ, മനുഷ്യർ ഇതെക്കുറിച്ചു വൈകാരികമായി മാത്രം ഏറ്റെടുക്കാതെ, ഒരു ചിന്താപ്രവർത്തനം നടത്തുന്നതും അനിവാര്യമാണ്. ചിന്തകൾ അഥവാ ആശയങ്ങൾ മനുഷ്യമനസ്സിനെ മാത്രമല്ല മാറ്റിമറിക്കുന്നതെന്നും അതിലൂടെ മനുഷ്യശരീരത്തെയും ജീവിതത്തെയും മാറ്റിമറിക്കുകയുമാവാമെന്നും ചില ചിന്തകരുടെ താത്വിക വിശകലനങ്ങളിൽ കാണാൻ കഴിയും. ശരീരത്തിന്റെ പ്രതിരോധശേഷിയും മനസ്സിന്റെ പ്രതിരോധശേഷിയോടു ബന്ധപ്പെട്ടിരിക്കുന്നു എന്ന കാര്യത്തിൽ വൈദ്യശാസ്ത്രജ്ഞരും യോജിക്കുന്നു.

ചരിത്രപരമായ സാമൂഹിക-രാഷ്ട്രീയവുമായും നോക്കിയാൽ, പാശ്ചാത്യരാജ്യങ്ങളിൽ രണ്ടു-മൂന്നു നൂറ്റാണ്ടുകൾക്കു മുൻപു മാത്രം സംഭവിച്ചിട്ടുള്ളതാണ് ആധുനിക വൈദ്യശാസ്ത്രത്തിന്റെ ഉദ്ഭവം. അതിലും പഴക്കംചെന്ന ആയുർവേദവും പല നാട്ടുവൈദ്യങ്ങളും ഇന്ത്യയിലുണ്ട്. അധികാരരൂപങ്ങൾ രോഗവുമായി എങ്ങനെ കൂടിക്കുഴഞ്ഞു കിടക്കുന്നു എന്നും ചിന്തിക്കേണ്ടതുണ്ട്. ഇതു സ്വാഭാവികമായി കൂടിക്കുഴയുകയാണെന്നു പറഞ്ഞുകൂടാ. കർതൃത്വമുള്ള മനുഷ്യരുടെ ഇടപെടലിലൂടെ കൂട്ടിക്കുഴക്കുകയാണു ചെയ്യുന്നത്. അങ്ങനെയുള്ള അനുഭവങ്ങളാണ് പിന്നീടു രോഗത്തെ നിർവചിക്കുന്നത്.

രോഗവും അധികാരവും നല്ലപോലെ കൂട്ടിക്കുഴച്ച് കോവിഡു കാലത്തു മിക്ക അധികാരികളും മറ്റുള്ളവരുടെ ആരോഗ്യം കാക്കുന്നു എന്ന മട്ടിൽ സ്വന്തം ആധികാരിക ആരോഗ്യം പരിപോഷിപ്പിച്ചു നിലനിർത്തുകയാണ്. രോഗം എന്ന ആശയത്തെ ഉപയോഗിച്ചു നടത്തുന്ന അധികാരത്തിന്റെ നിർമാണവും പ്രചാരണവും തിരിച്ചറിയുന്നതിനു രോഗം എന്ന ആശയത്തെക്കുറിച്ചും രോഗം എന്ന അനുഭവത്തെക്കുറിച്ചുമുള്ള ആഴത്തിലുള്ള അന്വേഷണങ്ങളും ചിന്തകളും ചർച്ചകളും ഉണ്ടാകുന്നത് അഭികാമ്യമാണ്.

## രോഗം എന്ന ആശയത്തിന്റെ സാമൂഹിക നിർമിതി

ഫ്രഞ്ച് തത്വചിന്തകൻ മിഷേൽ ഫൂക്കോയാണ് 1960 കൾക്കു ശേഷം ഭാഷയിലൂടെയുള്ള അധീശ-സാമൂഹികവ്യവഹാരവും ആ വഴിക്കുള്ള ആശയരൂപീകരണങ്ങളും നിർമാണങ്ങളും ചർച്ചയാക്കുന്നത്. ശരീരം, രോഗം, വൈദ്യം തുടങ്ങി മനുഷ്യർക്ക് (തത്വചിന്തകർക്കും) വിമർശനാത്മകമായി എടുത്തുപെരുമാറാൻ വിമുഖതയുള്ള വിഷയങ്ങളെയൊക്കെ ഫൂക്കോ വിശദമായി വിശകലനം ചെയ്യുന്നുണ്ട്. രോഗമെന്നത്, രോഗി എന്ന നിലയ്ക്കു മുന്നിലെത്തുന്ന മനുഷ്യന്റെ ശരീരത്തിന്മേലുള്ള ഡോക്ടറുടെ നോട്ടത്തിന്റെ ഫലമായി നിർണയിക്കപ്പെടുന്ന ഒന്നാണ് എന്ന് ഫൂക്കോ 'ദ് ബർത്ത് ഓഫ് ദ് ക്ലിനിക്: ആൻ ആർക്കിയോളജി ഓഫ് മെഡിക്കൽ പെർസെപ്ഷൻ' (The Birth of the Clinic: An Archaeology of Medical Perception,

1963) എന്ന പുസ്തകത്തിൽ പറയുന്നു. അതായത് രോഗം മുൻപുതന്നെ ശരീരത്തിലുണ്ടായിരുന്ന ഒന്നാണോ അതോ ഡോക്ടറുടെ നിരീക്ഷണത്തിൽനിന്നു നിർമിക്കപ്പെടുന്ന ഒന്നാണോ എന്ന ചോദ്യം പ്രസക്തമാകുന്നു. നിരീക്ഷണം എന്നതിനു പകരം ഗഹനമായ നോട്ടം എന്നർഥം വരുന്ന gaze എന്ന വാക്കാണ് ഫൂക്കോ ഉപയോഗിക്കുന്നത്. ശരീരത്തിന്മേലുള്ള ഇത്തരം നോട്ടവും അതിന്റെ അടിസ്ഥാനത്തിൽ പ്രയോഗിക്കുന്ന, നിലനിൽക്കുന്ന വൈദ്യശാസ്ത്രത്തിന്റെ ഘടനയ്ക്കകത്തുള്ള ഭാഷയും കൂടിയാണ് രോഗത്തെ നിർണയിക്കുന്നത് അഥവാ നിർമിക്കുന്നത് എന്നർഥം. സ്ഥലം (space), നോട്ടം (gaze), ഭാഷ (language) എന്നിവയാലുള്ള സാമൂഹികനിർമിതി എന്നു പറയാം. ഫൂക്കോ പിന്നീടെഴുതിയ 'ദി ഓർഡർ ഓഫ് തിങ്സ്' (The Order of Things, 1966) എന്ന പുസ്തകത്തിൽ ക്ലിനിക്കൽ ഗെയ്സ് എന്നതിനു നൽകിയ പ്രാമുഖ്യം തിരുത്തി, രോഗി എന്നയാളും ഡോക്ടർ എന്നയാളും തമ്മിലുള്ള സാമൂഹിക-സമ്പർക്കത്തിലൂടെയും പരസ്പരവ്യവഹാരങ്ങളിലൂടെയും (social interaction and dis-courses) നിർമിക്കപ്പെടുന്നതാണ് രോഗം എന്നു വിലയിരുത്തുന്നു. ക്ലിനിക്കൽ സ്പേസിൽ നടക്കുന്ന അറിവിന്റെ അധീശത്വത്തിന്റെയും മനുഷ്യന്റെ രോഗാനുഭവത്തിന്റെയും പാരസ്പര്യംവഴിയുള്ള നിർമിതിതത്വം രോഗത്തോടും ആശുപത്രികളോടും ചികിത്സയോടുമുള്ള അടിമത്തം കുറയ്ക്കുവാനായി ഫൂക്കോ മുന്നോട്ടു വയ്ക്കുന്നു.

ഒരാൾ ഡോക്ടറുടെ അടുത്തു പോയതിനുശേഷമാണ് ഇന്ന രോഗം തനിക്കുണ്ട് എന്നു വിശ്വസിക്കുവാൻ തുടങ്ങുന്നത്. പ്രത്യേകമായി പേരുകൾ കൊടുത്ത്, പ്രത്യേകമായ ആശയങ്ങൾ അതിന്മേൽ പ്രവേശിപ്പിച്ച്, രോഗങ്ങൾ 'നിർമിച്ച' ആധുനിക വൈദ്യശാസ്ത്രത്തിന്റെ കുതിപ്പ് യൂറോപ്പിൽ ഉടലെടുത്തതിന്റെ വിശദാംശങ്ങൾ അന്വേഷിച്ചു പോകുന്ന ഫൂക്കോ, രോഗാവസ്ഥയെയോ ചികിത്സകളെയോ പാടേ നിരാകരിക്കുകയല്ല, രോഗത്തിന്റെയും വൈദ്യത്തിന്റെയും അധീശത്വഘടന പൊളിച്ചെഴുതുവാനുള്ള ചിന്തകൾ മുന്നോട്ടു വയ്ക്കുകയാണു ചെയ്യുന്നത്. അതോടൊപ്പം അധികാര ഘടനകൾ രോഗത്തിന്റെയും വൈദ്യത്തിന്റെയും സ്ഥാപനവൽകൃതരൂപത്തെ എങ്ങനെ നിർമിക്കുകയും നിലനിർത്തുകയും ചെയ്യുന്നു എന്നതിന്റെ അവലോകനം കൂടിയാണത്. ശരീരത്തെത്തന്നെയും ഒരു സാമൂഹികനിർമിതിയായിക്കാണുന്നവിധം, അസ്തിത്വവാദത്തെയും അതിഭൗതികവാദത്തെയുമൊക്കെ മറിച്ചിടുന്ന ചിന്തകളാണ് ഫൂക്കോ മുന്നോട്ടുവയ്ക്കുന്നത്.

ഫൂക്കോയുടെ ആദ്യ ഗവേഷണപ്രബന്ധമായ 'മാഡ്നെസ് ആൻഡ് സിവിലൈസേഷൻ: എ ഹിസ്റ്ററി ഓഫ് ഇൻസാനിറ്റി ഇൻ ദി ഏജ് ഓഫ് റീസൺ' (Madness and Civilization: A History of Insanity in the Age of Reason, 1960) എന്ന പുസ്തകത്തിൽ, മനസ്സിനെയും രോഗത്തിന്റെ അടിസ്ഥാനത്തിൽ ആഴത്തിൽ പഠനവിധേയമാക്കുന്നുണ്ട്. പാശ്ചാത്യരാജ്യങ്ങളിൽ പതിനൊന്നാം നൂറ്റാണ്ടോടെ ഭീതിയുണർത്തിയിരുന്ന കുഷ്ഠരോഗം (leprosy), മധ്യകാലഘട്ടത്തിനവസാനത്തോടെ പൂർണമായും തുടച്ചുനീക്കപ്പെട്ടുവെന്നും അതോടെയാണു മാനസികരോഗം അഥവാ ഭ്രാന്ത് എന്ന രോഗം അവിടങ്ങളിൽ തുടങ്ങിയതെന്നും ഫൂക്കോ വിലയിരുത്തുന്നു. യൂറോപ്പിൽ, വിശേഷിച്ച് ഫ്രാൻസിലും ജർമനിയിലും ഇംഗ്ലണ്ടിലും സ്കോട്ലൻഡിലും ഉണ്ടായിരുന്ന എല്ലാ കുഷ്ഠരോഗി താവളങ്ങളും (leper-house) പൂട്ടിയതോടെ കുഷ്ഠരോഗികളായിരുന്ന കുറെപ്പേർ അലഞ്ഞു തിരിയുകയും ഭ്രാന്തിന്റെ ലക്ഷണങ്ങളെന്നു പറയും വിധത്തിലായിത്തീരുകയും ചെയ്തു. കുഷ്ഠരോഗം മാറിയെങ്കിലും പകർച്ചവ്യാധിയെന്ന നിലയിൽ കാലങ്ങളോളം സമൂഹത്തിൽ നിന്ന് അകറ്റിനിർത്തപ്പെട്ട ഇവർക്ക് വ്യവസ്ഥാപിത സാമൂഹിക/കുടുംബ ഘടനകളിൽ ജീവിക്കുക അസാധ്യമായിരുന്നു.

അലഞ്ഞുതിരിയുന്നവരെ മാനസികവിഭ്രാന്തിയുടെ കോളത്തിലേക്കു തിരിക്കുന്ന പ്രവണത ഇവിടെ തുടങ്ങുന്നു എന്നു കാണാം. ഇങ്ങനെ മനോരോഗം എന്ന ആശയം നിലവിൽ വരികയും എന്നാൽ അതിനുള്ള ചികിത്സ ഇല്ലാതിരിക്കുകയും ചെയ്ത, നവോത്ഥാന കാലഘട്ടത്തിൽനിന്നു യുക്തിയുടെ ആധുനിക കാലഘട്ടത്തിലേക്കു പോകുന്ന സാംസ്കാരിക യൂറോപ്പിൽ, ഇവരെ കൈകാര്യം ചെയ്തിരുന്നത് കപ്പലിൽ കയറ്റി എങ്ങോട്ടെങ്കിലും അയയ്ക്കുക വഴിയായിരുന്നത്രെ. ഈ രീതി നടപ്പിലാക്കിയിരുന്നതിൽ അധികാരത്തിന്റെ അംശം ഉണ്ടെന്നു കാണാം. അന്നത്തെ രാജാക്കന്മാരും മതവുമെല്ലാം ഇതിൽ കാര്യമായ പങ്കു വഹിച്ചിട്ടുണ്ട്.

എല്ലായിടത്തും എല്ലാ ഭ്രാന്തന്മാരെയും ഇങ്ങനെ കപ്പലിൽ കയറ്റിയയച്ചിരുന്നില്ല എന്നും ഫൂക്കോ പറയുന്നു. തദ്ദേശീയരായ ഭ്രാന്തന്മാരെ പാർപ്പിക്കാനുള്ള ഇടങ്ങൾ ചില നഗരങ്ങളെങ്കിലും അക്കാലത്തുതന്നെ ഉണ്ടാക്കിയിരുന്നു. മറ്റു ദേശക്കാർ മാത്രമാണ് പലയിടത്തും പലപ്പോഴും കടലിലേക്ക് അയയ്ക്കപ്പെട്ടത്. നവോത്ഥാന സാഹിത്യത്തിലും കലയിലും ഈ ആശയം പതിയുകയും വെള്ളവും ഭ്രാന്തും തമ്മിലുള്ള ചരിത്രസങ്കൽപം മനുഷ്യ മനസ്സിലുറയ്ക്കുകയും ചെയ്തു എന്നാണ് ഫൂക്കോ വിലയിരുത്തുന്നത്. ഈ രീതിയെക്കുറിച്ചു 1494 ൽ സെബാസ്റ്റ്യൻ ബ്രാൻഡ് എന്ന ജർമൻ ദൈവശാസ്ത്രജ്ഞൻ ദാസ് നരേന്ഷ്ഫ് (Das Narrenschiff) ഷിപ് ഓഫ് ഫൂൾസ് (Ship of Fools) എന്ന ആക്ഷേപഹാസ്യം എഴുതുകയുണ്ടായി. ഷിപ് ഓഫ് ഫൂൾസ് അഥവാ വിഡ്ഢികളുടെ കപ്പൽ എന്നർഥം വരുന്ന സ്ടൂല്ടിഫെറ നാവിസ് (Stu-ltifera Navis) എന്നു ലാറ്റിനിൽ അതിന്റെ തർജമയും ഉടനെതന്നെ പിന്നീടുണ്ടായതിനു ശേഷം ഇതു യൂറോപ്പിൽ പരക്കെ വായിക്കപ്പെട്ടു. 1503 ൽ ഹീറോനിമസ് ബോഷ് (Hieronymus Bosch) എന്ന ഡച്ച് ചിത്രകാരൻ ദാസ് നരേന്ഷ്ഫ് എന്ന പേരിൽത്തന്നെ ചിത്രമെഴുതുകയും അതു വളരെയധികം ചർച്ച ചെയ്യപ്പെട്ടതായും ഫൂക്കോ വിവരിക്കുന്നുണ്ട്. ഈ കപ്പൽ വിഷയത്തിൽ അക്കാലത്തു വരയ്ക്കപ്പെട്ടതും എഴുതപ്പെട്ടതുമായ മറ്റു ചില കൃതികളുടെയും കൂടി അടിസ്ഥാനത്തിൽ, മതത്തിന്റെയും രാജ്യത്തിന്റെയും അധികാരത്തിന്റെ വഴിക്കു മനുഷ്യശരീരങ്ങളെ എങ്ങനെ പരുവപ്പെടുത്തുന്നു എന്ന വിഷയം ഫൂക്കോ വിശദമായി ചർച്ച ചെയ്യുന്നു. ഇതിനെയാണു ജീവധികാരം അഥവാ ബയോ-പവർ (Bio-power) എന്നു ഫൂക്കോ വിളിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ജോർജിയോ അഗമ്പൻ (Georgio Agamben) എന്ന ഇറ്റാലിയൻ തത്വചിന്തകൻ ഇപ്പോൾ ബയോ-പൊളിറ്റിക്സ് എന്ന വാക്കിലൂടെ രാഷ്ട്രീയവിമർശങ്ങൾ ഉന്നയിക്കുന്നത്.

> **ഒരു പകർച്ചവ്യാധിയുടെ പേരിൽ അകലം പാലിച്ച് ഒറ്റപ്പെട്ട അനുഭവം, സാമൂഹികമായി അംഗീകാരം നഷ്ടപ്പെട്ടതും സാമൂഹികഘടനയിൽ ഇടപെടാൻ കഴിയാത്തതും കാരണം മനുഷ്യർ ഭ്രാന്തരാകുന്ന സാമൂഹിക സാഹചര്യം എന്നതൊക്കെ വിലയിരുത്തുമ്പോൾ നമ്മൾ കടന്നുപോകുന്ന കോവിഡ് ക്വാറന്റീൻ, സാമൂഹിക അകലം പാലിക്കൽ ഇവയെക്കുറിച്ചും പുനരാലോചിക്കുവാൻ തോന്നാം.**



'നരേൻഷിഫ് ശിൽപം

മനുഷ്യജീവൻ മുൻനിർത്തിക്കൊണ്ടുള്ള അധികാര-രാഷ്ട്രീയത്തിന്റെ മുഖങ്ങൾ നമുക്ക് അഗമ്പന്റെ ജീവരാഷ്ട്രീയത്തിലൂടെ കൂടുതൽ വ്യക്തമാകുന്നുണ്ട് കോവിഡിന്റെ കാലഘട്ടത്തിൽ.

ജൈവാധികാരത്തിന്റെ കാണാക്കരങ്ങൾ ശരീരങ്ങളെ പരുവപ്പെടുത്തുക വഴി മനസ്സിനെ ബാധിക്കുന്ന രോഗം ഒരു നിർമിത രോഗമാണെന്നും യുക്തിയുള്ള മനസ്സുകൾ തന്നെയാണ് ഭ്രാന്തിലും ഉള്ളതെന്നും രോഗത്തിന്റെ നിർമിതി ചരിത്രഘടനയെ നോക്കി മനസ്സിലാക്കാം എന്നും ഫൂക്കോയുടെ വായന നമ്മെ ഓർമിപ്പിക്കും. ഏതു രോഗത്തിന്റെ കാര്യത്തിലും ഈ സാമൂഹികനിർമിതിയുടെ തത്വം കാണാൻ കഴിയും. ഒരു പകർച്ചവ്യാധിയുടെ പേരിൽ അകലം പാലിച്ച് ഒറ്റപ്പെട്ട അനുഭവം, സാമൂഹികമായി അംഗീകാരം നഷ്ടപ്പെട്ടതും സാമൂഹിക ഘടനയിൽ ഇടപെടാൻ കഴിയാത്തതും കാരണം മനുഷ്യർ ഭ്രാന്തരാകുന്ന സാമൂഹികസാഹചര്യം, എന്നതൊക്കെ വിലയിരുത്തുമ്പോൾ നമ്മൾ ഇപ്പോൾ കടന്നുപോകുന്ന കോവിഡ് ക്വാറന്റീൻ, സാമൂഹിക അകലം പാലിക്കൽ എന്നിവയെക്കുറിച്ചും പുനരാലോചിക്കുവാൻ തോന്നാം. സാമൂഹിക അകലവും തൊട്ടുകൂടായ്മയും മാത്രമല്ല യാത്ര വിലക്കുകളും നിരീക്ഷണനിയന്ത്രണങ്ങളും കാലങ്ങളോളം തുടരുകയാണെങ്കിൽ മനുഷ്യരുടെയിടയിൽ ഭ്രാന്ത് എന്നു പേരിട്ടു വിളിക്കുന്ന തരം ലക്ഷണങ്ങൾ കൂടിവരാനുള്ള സാധ്യതയുണ്ട് എന്ന വാസ്തവം കാണാതിരുന്നുകൂടാ.

## രോഗവും അധികാരവും: അനുഭവം, പ്രതിഭാസം

രോഗം എന്ന അനുഭവത്തെക്കുറിച്ചു വിശകലനം ചെയ്യുകവഴി രോഗത്തെ ഒരു പ്രതിഭാസമായി മനസ്സിലാക്കുവാനും കഴിയും. രോഗം ഒരനുഭവമാണ് എന്ന തരം വിവരണത്തിൽ പ്രതിഭാസവിജ്ഞാനീയത്തിന്റെ രീതിയിലും രോഗത്തെ മനസ്സിലാക്കാം എന്നർഥം. ജർമൻ തത്വചിന്തകനായ എഡ്മണ്ട് ഹുസ്സെൾ 1913 ൽ എഴുതിയ 'ഐഡിയ' എന്ന പുസ്തകത്തിൽ ലോകകാര്യങ്ങളെ അഥവാ ജീവിതത്തെ അവ എങ്ങനെ നമുക്കനുഭവവേദ്യമാകുന്നു എന്നു വിവരിക്കുക വഴി മാത്രമായിരിക്കും മനസ്സിലാക്കുക എന്ന നിലപാടെടുക്കുന്നു. ആത്യന്തിക യാഥാർഥ്യത്തെക്കുറിച്ചുള്ള പ്രാചീന തത്വചിന്തന രീതിയായ അതിഭൗതികവാദത്തിൽ (Metaphysical) നിന്നു പാടേ മാറിക്കൊണ്ട്, അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ആശയം മനസ്സിലാക്കുന്ന രീതിയായ പ്രതിഭാസവിജ്ഞാനീയത്തിനടിസ്ഥാനമായിട്ടാണ് ആധുനികാനന്തര-ഘടനാവാദാനന്തര ചിന്തകൾ യൂറോപ്പിൽ മുളപൊട്ടുന്നത് എന്ന് റിച്ചഡ് ഇ. പാൽമർ എന്ന ചിന്തകൻ സ്ഥാപിക്കുന്നുണ്ട് (Phenomenology as Foundation for Postmodern Philosophy of Literary Interpretation, Cultural Hermeneutics, 1973). പ്രത്യേകിച്ചും സാഹിത്യ അപഗ്രഥനത്തിലൂടെ സാമൂഹിക സാംസ്കാരിക അനുഭവങ്ങളെ അപഗ്രഥിക്കുന്നത് ആധുനികതയ്ക്കു മുൻപും ശേഷവും പ്രസക്തമാണ്.

രോഗം എന്ന അനുഭവത്തെയും അതിന്റെ ആശയരൂപീകരണത്തെയും സാമൂഹികഘടനയിലെ അധികാരഘടകങ്ങളെയും കുറിച്ചു ചിന്തിക്കുമ്പോൾ,



വിഖ്യാതമായ 'നരേന്ഷ്ഫ് പെയിൻറിങ്

പാശ്ചാത്യരാജ്യങ്ങളെ ആയിരത്തിലധികം വർഷങ്ങൾ അടക്കിഭരിച്ച മതസാഹിത്യത്തെ വിലയിരുത്തി മനസ്സിലാക്കുന്നതും അനിവാര്യമാണ്. രോഗവും അധികാരവും തമ്മിലുള്ള കൂട്ടിക്കുഴയ്ക്കൽ സാംസ്കാരികമായതെന്നോണം ചരിത്രത്തിലാദ്യകാലംമുതൽക്കേ ഉള്ളതായി കാണാം. സാമൂഹികസംഘാടന സംസ്കാരം മനുഷ്യർക്കിടയിൽ നിലവിൽ വന്നതു മുതൽ ഇങ്ങനെയുള്ള പ്രവണതയുണ്ട് എന്നതിനുദാഹരണമാണ് മതപുസ്തകങ്ങൾ രോഗത്തെക്കുറിച്ചു പരാമർശിക്കുന്നത്. വർഗം, രാഷ്ട്രീയം എന്നിവയുടെ മുൻപേ തന്നെ സംസ്കാരത്തെ നിർണയിക്കുന്ന പ്രധാന ഘടകമായിരുന്നതു മതമാണ് എന്നതിനാൽ അതിലൂടെ ആശയരൂപീകരണം നടക്കുന്നത് എങ്ങനെ എന്നു നോക്കുക പ്രധാനമാണ്. മതം ഇപ്പോഴും മനുഷ്യജീവിതത്തിലെ യാഥാർഥ്യങ്ങളെ നിർമിക്കുന്നതിൽ വലിയ പങ്കു വഹിക്കുകയും ചെയ്യുന്നു.

ബൈബിളിലെ പുതിയ നിയമം മഹത്വത്തിന്റെ വഴിയിലാണ് രോഗത്തെ പ്രതിഷ്ഠിക്കുന്നത്. രോഗം മാറ്റിക്കൊടുക്കുക വഴി ദൈവപുത്രൻ വാഴ്ത്തപ്പെടും, ദൈവത്തിന്റെ മഹത്വം വർധിക്കും, ദൈവവിശ്വാസം വളരും. ബഥനിയിലെ ലാസർ രോഗഗ്രസ്തനായപ്പോൾ യേശു പറയുന്നതാണിത്. ഇങ്ങനെയാണ് മതത്തിന്റെയും ദൈവത്തിന്റെയും അധികാരസ്ഥാനം രോഗത്തിലൂടെയും ഊട്ടിയുറപ്പിക്കപ്പെടുന്നതെന്നു കാണാം.

രോഗംപോലുള്ള യാതനകൾ പാപം ചെയ്തതിന്റെ ഫലമായി കണക്കാക്കുന്ന രീതി പ്രാചീന മനുഷ്യരിലെന്നല്ല വിശ്വാസികളായ പലരിലും ഇന്നും കാണുന്ന പ്രവണതയാണ്. രോഗത്തെ പാപമായി കണക്കാക്കുന്ന രീതി യേശു തിരുത്തുന്നതായിട്ടാണ് ബൈബിളിൽ പറയുന്നത്. എന്നാൽ, രോഗത്തെക്കുറിച്ചുള്ള സാമൂഹികവ്യവഹാരങ്ങൾ പാപവുമായി കൂട്ടിക്കുഴയ്ക്കുകയും മനുഷ്യരിലുറപ്പിക്കുകയും അതിൽ രക്ഷ നേടാൻ ദൈവം ഉണ്ട് എന്നു സ്ഥാപിക്കുകയും ചെയ്യാനുള്ള ശ്രമം എല്ലാക്കാലത്തുമുണ്ട്.

ഇന്ത്യൻ സാഹചര്യത്തിലെടുത്താൽ മനുസ്മൃതിയിൽ രോഗത്തെക്കുറിച്ചു ചർച്ച ചെയ്തുകൊണ്ട് ദൈവത്തിന്റെ അധികാരം സ്ഥാപിക്കുന്നതായി കാണാം. പാപ/കർമവുമായി ബന്ധിപ്പിച്ചുകൊണ്ടാണു പ്രതിപാദിക്കുന്നത്. ദുഷിച്ച സ്വഭാവമുള്ളയാൾ ശാശ്വതപ്രശ്നങ്ങളും രോഗവും കാരണം വേഗം മരിച്ചുപോകും എന്നു മനുസ്മൃതി പറയുന്നു (chapter IV -verse 157). ദുഷ്പ്രവൃത്തികൾ എന്നർഥം വരാവുന്ന തരത്തിൽ, 'ദുരാചാരോഹി പുരുഷോ' ലോകേ ഭവതി നിന്ദിതഃ ദുഃഖഭാഗീ ച സതതം വ്യാധിതോ അൽപായുർ ഏവ ച', എന്നു പറയുകവഴി കർമഫലം എന്ന ആശയം കൊണ്ടുവന്നു. ജാതീയമായ അധികാരശ്രേണിയെയും സവർണതയെയും സ്ഥാപിക്കുന്ന തരത്തിലും രോഗത്തെ ഉപാധിയാക്കുന്നു. പൈശാചികമായി മാംസഭക്ഷണം കഴിക്കാത്തവർക്കു രോഗമൊന്നും വരില്ല എന്നു പറയുകവഴി (ന ഭക്ഷയതി യോ മാംസം വിധി ഹിത്വ പിശാചവത്, സ ലോകേ പ്രിയതാം യാതി വ്യാധിഭിശ്ച ന പീഡയതേ. V-50 ) ആഹാരവും രോഗവും ജാതിയുടെ മഹത്വവൽക്കരണത്തിനും അധികാരസ്ഥാപനത്തിനും ഉപയോഗിക്കുന്നതായും കാണാം.

രോഗം എന്നത് ആശയമായും അനുഭവമായും മനുഷ്യജീവിതത്തിൽ സ്ഥാപിക്കപ്പെടുന്നത് ഇങ്ങനെയൊക്കെയുള്ള അധീശവ്യവഹാരങ്ങളിലൂടെയാണെന്നു തിരിച്ചറിയേണ്ടതുണ്ട്. ഈ തിരിച്ചറിവിലൂടെ മാത്രമേ രോഗത്തോടും അതിനെ ചുറ്റിപ്പറ്റിയുള്ള അധികാരങ്ങളോടുമുള്ള അടിയാളമനോഭാവം തിരുത്തുവാൻ കഴിയൂ. എല്ലാവരെയും രോഗികളാകാൻ സാധ്യതയുള്ള ശരീരങ്ങൾ മാത്രമായിക്കാണുന്ന രീതി മനുഷ്യരെ ചിന്തിക്കുന്ന വ്യക്തികളായും അവകാശങ്ങളുള്ള പൗരരായും കാണാൻ വിസമ്മതിക്കുന്നു. ഓരോ മനുഷ്യനും ഇപ്പോഴത്തെ രോഗത്തിന്റെ സ്വഭാവവും പ്രതിവിധിയും മനസ്സിലാക്കി രോഗം എന്ന ആശയത്തോടുള്ള കാഴ്ചപ്പാട് പുതുക്കിപ്പണിതുകൊണ്ട് ഉത്തരവാദിത്തമുള്ള വ്യക്തികളായി മാറേണ്ടതുണ്ട്.

സ്വയം ഭരിക്കാൻ കെൽപില്ലാത്തവരെയും തിരിച്ചറിവില്ലാത്തവരെയുമാണ് അധികാരികൾ പൂർണമായും ഭരണത്തിനു വിധേയമാക്കുക. ലോകത്തു കൂടുതൽ മനുഷ്യരും ഈ വിഭാഗത്തിൽപ്പെടുന്ന അനുയായി മനോഭാവത്തിലുള്ള ഭരണകൂട വിശ്വാസികളാണ്. ഈ അവസ്ഥയ്ക്കു മാറ്റം വരുന്നതിനായിട്ടുള്ള സാമൂഹികപ്രവർത്തനമാണ് ഏറ്റവും ആവശ്യമായിട്ടുള്ളത്. അതുതന്നെയാണ് ഫൂക്കോയും പിന്നീട് അഗംബനും മുന്നോട്ടുവയ്ക്കുന്ന ജീവാധികാരത്തിന്റെയും ജീവരാഷ്ട്രീയത്തിന്റെയും താത്വികമായ പൊരുൾ.

രോഗങ്ങൾക്കിടയിലും രോഗികൾക്കിടയിലും ജീവിതത്തിലെവിടെയും അധീശവ്യവസ്ഥിതി ആധികാരികമായി ശ്രേണീബന്ധം കൊണ്ടുവരാത്ത കാഴ്ചപ്പാട് മനുഷ്യർക്കുണ്ടാകുവാനും സമൂലമായ സാമൂഹികമാറ്റത്തിന് ഉതകാനും ഈ കൊറോണക്കാലം നിമിത്തമാവേണ്ടതാണ്.

◆